**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 435** **15-03-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തൊഴിലാളികളുടെ ലഭ്യതക്കുറവ് കാർഷിക വിപുലീകരണത്തിന് വിഘാതമാകുന്നു എന്ന പ്രശ്നം പരിഹരിക്കാൻ രൂപീകരിച്ചിട്ടുള്ള കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷന്റെ പ്രവർത്തനം വിശദമാക്കാമോ; | (എ) | കേരളത്തിലുടനീളമുള്ള കാർഷിക സേവന കേന്ദ്രം, കാർഷിക കർമ്മസേന, കസ്റ്റം ഹയറിങ് സെന്ററുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സംസ്ഥാനത്തിന്റെ ആവശ്യകതകൾ കർഷകരുടെ ആവശ്യങ്ങൾക്കനുസൃതമായി നിറവേറ്റുന്നതിന് ഈ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ സാങ്കേതികമായി നിർവ്വഹിക്കുന്നതിനുള്ള ഒരു അപെക്സ് ബോഡി ആയിട്ടാണ് കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ രൂപീകരിച്ചിട്ടുള്ളത്. 2018-ൽ മിഷൻ രൂപീകരിച്ചതുമുതൽ നാളിതു വരെ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ള 16-ൽ പരം പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ചെറുകിട കാർഷിക യന്ത്രങ്ങളും അവ പ്രവർത്തിപ്പിക്കുന്നതിന് വിദഗ്ധരായ തൊഴിലാളികളെയും ലഭ്യമാക്കുന്നതിന് കൃഷിശ്രീ സെന്ററുകൾ വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. ബ്ലോക്കടിസ്ഥാനത്തിലാണ് കാർഷിക സേവന കേന്ദ്രങ്ങൾ സ്ഥാപിച്ചുവരുന്നത്. 2020 - 21 വർഷം വരെ സംസ്ഥാനത്ത് 99 കാർഷിക സേവന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 2021 - 22 വർഷത്തിൽ 8 കൃഷിശ്രീ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. 2022 - 23 വർഷം 20 കൃഷിശ്രീ സെന്ററുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നിലവിൽ ഒരു കൃഷിശ്രീ സെന്റർ സ്ഥാപിക്കുന്നതിന് 32.5334 ലക്ഷം രൂപ നൽകുന്നുണ്ട്. ഇതിൽ 22 ലക്ഷം രൂപ നൽകുന്നത് കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിനും, 2 ലക്ഷം രൂപ ഓഫീസ് സംവിധാനം ഒരുക്കുന്നതിനും, 3 ലക്ഷം രൂപ 'maintenance' ഫണ്ട് ആയും 2.4334 ലക്ഷം രൂപ പ്രവർത്തന (Operational) ഫണ്ടായും, 3.1 ലക്ഷം രൂപ സേവനദായകർക്ക് പരിശീലനം നൽകുന്നതിനും ആണ് നൽകിയിട്ടുള്ളത്. നിലവിൽ കാർഷിക സേവന കേന്ദ്രം / കൃഷി ശ്രീ സെന്ററുകൾ ഇല്ലാത്ത എല്ലാ ബ്ലോക്കിലും വരും വർഷങ്ങളിൽ കൃഷി ശ്രീ |

| | | | |
|---|---|---|---|
| | | | സെന്ററുകൾ സ്ഥാപിക്കുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു. |
| (സി) | കാർഷിക കർമ്മ സേനകളെ ശാക്തീകരിക്കുന്നതിനും അഭ്യസ്തവിദ്യരായ യുവാക്കളുടെ കർമ്മശേഷി പ്രയോജനപ്പെടുത്തി കർഷകർക്ക് സേവനം ലഭ്യമാക്കുന്നതിന് കൃഷി ഭവനുകളിൽ ഇന്റേൺഷിപ്പ് പ്രോഗ്രാം ആരംഭിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (സി) | കൃഷിഭവനുകളിൽ 2021-22 സാമ്പത്തിക വർഷം മുതൽ ഇന്റേൺഷിപ്പ് പ്രോഗ്രാം നടപ്പിലാക്കി വരുന്നു. വിദ്യാസമ്പന്നരായ യുവാക്കൾക്ക് കാർഷിക മേഖലയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുവാൻ അവസരം ഒരുക്കുക, സർക്കാർ പരിപാടികൾ മികച്ച രീതിയിൽ നടപ്പിലാക്കുന്നതിന് താഴേത്തട്ടിൽ സേവനം ലഭ്യമാക്കുക എന്നീ ഇരട്ടലക്ഷ്യത്തോടെയാണ് കൃഷിഭവനുകളിൽ ഇന്റേൺഷിപ്പ് പ്രോഗ്രാം നടപ്പിലാക്കി വരുന്നത്. വി.എച്ച്.എസ്.സി (അഗ്രികൾച്ചർ), ഡിപ്ലോമ ഇൻ അഗ്രികൾച്ചർ/ഓർഗാനിക് ഫാമിംഗ് എന്നീ യോഗ്യതയുള്ള 18 നും 41 നും ഇടയിൽ പ്രായമുള്ള അഭ്യസ്തവിദ്യരായ യുവജനങ്ങളെ പ്രതിമാസം 2500/- രൂപ ഹോണറേറിയം നൽകി ആറുമാസത്തേയ്ക്കാണ് ഇന്റേൺഷിപ്പ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇതിനായി 180.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ 2018– 2023 കാലയളവിൽ ഏറ്റെടുത്തു നടത്തിയ പ്രവർത്തനങ്ങൾ

1. **കാർഷിക യന്ത്ര നിജസ്ഥിതി കണക്കെടുപ്പ് സർവേ:**

   മിഷന്റെ കൃഷി എഞ്ചിനീയർമാർ സംസ്ഥാനത്തുടനീളമുള്ള കാർഷിക കർമ്മ സേനകളും കാർഷിക സേവന കേന്ദ്രങ്ങളും സന്ദർശിച്ച് ഇവയിലെ കാർഷിക യന്ത്രങ്ങളുടെ സ്ഥിതിവിവര കണക്കുകളും സാമ്പത്തിക സ്ഥിതി വിവരങ്ങളും ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കി. ഇതുപ്രകാരം കേരളത്തിലെ എല്ലാ കാർഷിക സേവനകേന്ദ്രങ്ങളുടേയും കാർഷിക കർമ്മ സേനകളുടേയും കൈവശം 4633 യന്ത്രങ്ങളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. കാർഷിക യന്ത്ര കണക്കെടുപ്പ് സർവെ പ്രകാരം കാർഷിക സേവന കേന്ദ്രങ്ങളിലും (ASC) കർമ്മസേനകളിലും (KKS) ഉപയോഗിക്കാതെ കിടക്കുന്ന കാർഷിക യന്ത്രങ്ങൾ, അവ ഉപയോഗമുള്ള സ്ഥലത്തേക്ക് മാറ്റി ഉപയോഗിക്കേണ്ടതാണെന്ന് കണ്ടെത്തി റിപ്പോർട്ട് തയ്യാറാക്കിട്ടുണ്ട്. കാർഷിക യന്ത്ര സേവനങ്ങൾക്കായുള്ള ഒരു 'സൈബർ സെൽ' രൂപീകരണം അതാണ് മിഷൻ ലക്ഷ്യമിടുന്നത്.

2. **കാർഷിക യന്ത്ര പരിരക്ഷണ യജ്ഞം**

   അഗ്രോ സർവ്വീസ് സെന്ററുകളിലും/കാർഷിക കർമ്മസേനകളിലും കേടായി കിടക്കുന്ന മുഴവൻ കാർഷിക യന്ത്രങ്ങളുടെയും വിവരങ്ങൾ മിഷന്റെ കൃഷി എൻജിനീയർമാർ അതാതിടങ്ങളിൽ ചെന്ന് സർവെ ചെയ്ത് കണ്ടെത്തിയിട്ടുണ്ട്. കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റ പണി സുസ്ഥിരമായി നടത്തിക്കൊണ്ടു പോകുന്നതിന് **'കാർഷിക യന്ത്ര പരിരക്ഷണ യജ്ഞം'** എന്ന ഒരു കർമ്മ പരിപാടി ആവിഷ്കരിച്ചു. അതിനായി ഒരു കൃഷി എഞ്ചിനീയർ, രണ്ടു ഭക്ഷ്യ സുരക്ഷാ സേന മുഖ്യ പരിശീലകർ, രണ്ടു മിഷൻ മെക്കാനിക് എന്നിവരടങ്ങുന്ന പഞ്ചംഗ സംഘം ഉൾപ്പെടുന്ന **കാർഷിക യന്ത്ര കിരണ സേന** എന്ന ഒരു വിദഗ്ദസംഘം ജില്ലകൾ തോറും രൂപീകരിച്ചു.

3. **അറ്റകുറ്റപണി ചെയ്യാനാകാത്തതും ഉപയോഗയോഗ്യമല്ലാത്തതുമായ എല്ലാ കാർഷിക യന്ത്രങ്ങളെയും ഒഴിവാക്കുക, നീക്കം ചെയ്യുക, ഉപയോഗമില്ലാത്ത കാർഷിക യന്ത്ര യൂണിറ്റിന്റെ കൈമാറ്റവും.**

   കാർഷിക യന്ത്രങ്ങളുടെ കണക്കെടുപ്പ് സർവെ പ്രകാരം കാർഷിക യന്ത്രങ്ങൾ അറ്റകുറ്റപ്പണി, ഒഴിവാക്കൽ, കൈമാറ്റം ചെയ്യൽ എന്നി വിഭാഗങ്ങളായി തരം തിരിച്ചു റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്, അതിൻ പ്രകാരം യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ ചെയ്തു തീർത്തു വരുന്നു. ഒഴിവാക്കേണ്ടവയെ പറ്റിയുള്ള തുടർനടപടികളും സ്വീകരിച്ചിരുന്നു.

4. **കാർഷിക യന്ത്രരജിസ്ട്രേഷൻ കാമ്പയിൻ**

   സംസ്ഥാനത്ത് ഉടനീളം വിവിധ പദ്ധതിയിലൂടെ നൽകിയിട്ടുള്ള മുഴവൻ കാർഷിക യന്ത്രങ്ങളുടെയും കണക്കെടുപ്പ് സർവെ കഴിഞ്ഞ ആറു മാസത്തിനുള്ളിൽ (2022–23) മിഷൻ പൂർത്തീകരിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

5. **കാർഷിക യന്ത്രം സർവ്വം ചലിതം പുളിമാത്ത്**

   സർവെ പ്രകാരം കണ്ടെത്തിയ നിശ്ചലമായതും എന്നാൽ ഉപയോഗിക്കാൻ

പറ്റാവുന്നതുമായ യന്ത്രങ്ങൾ മുഴവനും ബ്ലോക്ക് അടിസ്ഥാനത്തിൽ കൊണ്ടുവന്ന് അറ്റകുറ്റപ്പണി നടത്തി (ഒറ്റത്തവണ തീർപ്പാക്കൽ) കൊടുക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് ഒരു മാതൃകാ പദ്ധതി (Pilot Project) എന്ന നിലയിൽ **"കാർഷിക യന്ത്രം സർവം ചലിതം കിളിമാനൂർ"** എന്ന ശീർഷകത്തിൽ 15 ദിവസം നീണ്ടുനിന്ന കാർഷിക യന്ത്ര അറ്റകുറ്റപ്പണി ക്യാമ്പ് കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിൽവച്ച് 2022 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 8 വരെ നടത്തുകയുണ്ടായി. ബ്ലോക്കിലെ എട്ട് പഞ്ചായത്തിലെ 83 ലക്ഷം രൂപ വിലമതിക്കുന്ന 48 കാർഷിക യന്ത്രങ്ങൾ പ്രവർത്തനസജ്ജമാക്കി കർഷകസമിതികൾക്ക് തിരികെ ലഭ്യമാക്കിയിട്ടുണ്ട്. ഈ മാതൃക അനുസരിച്ച് 'കാർഷിക യന്ത്രം സർവം ചലിതം കേരളം' എന്ന ഒരു ബൃഹത് പദ്ധതി നടപ്പാക്കുന്നതിന്റെ കരട് നിർദ്ദേശം തയ്യാറാക്കിയിട്ടുണ്ട്. ഇത് പരിശോധിച്ചു വരുന്നു.

6. **<u>സാമ്പത്തിക നിജസ്ഥിതി സർവെ</u>**

കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക കർമ്മസേനകളുടെയും വർഷാവർഷമായുള്ള സാമ്പത്തിക നിജസ്ഥിതി മിഷൻ അവലോകനം ചെയ്തുവരുകയാണ്. കാർഷിക സേവന കേന്ദ്രങ്ങളുടേയും കർമ്മസേനകളുടേയും സാമ്പത്തിക നിജസ്ഥിതി കണക്കെടുപ്പ് നടത്തി ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ മിഷൻ ഇവയുടെ പ്രവർത്തനം വിശകലനം ചെയ്തിട്ടുണ്ട്.

7. **<u>മാനവ വിഭവശേഷി വികസനം</u>**

കാർഷിക സേവനകേന്ദ്രത്തേയും കർമ്മസേനയേയും ശാക്തീകരിച്ച് സ്വാശ്രയ സേവന പ്രസ്ഥാനമാക്കി മാനവവിഭവശേഷി മാറ്റേണ്ടതുണ്ടെന്നാണ് ഈ സർവെ സൂചിപ്പിക്കുന്നത്. നിലവിലെ കണക്കു പ്രകാരം കേരള സംസ്ഥാനത്ത് 99 കാർഷിക സേവന കേന്ദ്രങ്ങളും 368 കാർഷിക കർമ്മ സേനകളും നിലവിലുണ്ട്. ഏറ്റവും ഒടുവിലെ കണക്കെടുപ്പ് പ്രകാരം 99 കാർഷിക സേവന കേന്ദ്രങ്ങളിൽ 1070 സേവനദായകർ ഉണ്ട്. ഇവരിൽ 462 പുരുഷന്മാരും 608 സ്ത്രീകളുമാണ്. മാനവവിഭവശേഷി കണക്കെടുപ്പ് പ്രകാരം 2020-21-ൽ 339 കാർഷിക കർമ്മ സേനകളുടെ ലഭ്യമായ വിവരമനുസരിച്ച് 4577 ടെക്നീഷൻമാരുണ്ട്. ഇവരിൽ 2243 പേർ പുരുഷന്മാരും 2334 പേർ സ്ത്രീകളുമാണ്. ഇതു കൂടാതെ നാളിതുവരെയായി വിവിധ കർമ്മ പരിപാടികളിൽ മിഷൻ കാർഷിക കർമ്മസേന, കാർഷിക സേവന കേന്ദ്രങ്ങളിലെ 211 സേവനദായകർക്ക് കാർഷിക യന്ത്ര പ്രവർത്തനം, അറ്റകുറ്റപ്പണി, തരിശുനില കൃഷി എന്നിവയിൽ പ്രവർത്തി പരിചയ പരിശീലനം നൽകിയിട്ടുമുണ്ട്.

8. **<u>കാർഷിക സേവന കേന്ദ്രങ്ങളുടേയും കാർഷിക കർമ്മസേനകളുടേയും പ്രവർത്തനം ശാക്തീകരിക്കൽ</u>**

കാർഷിക കർമ്മ സേനകളിലെയും കാർഷിക സേവന കേന്ദ്രങ്ങളിലെയും സംഘാടനം & പ്രവർത്തനം (Constitution & Functioning of ASC & KKS) എന്ന വിഷയത്തിൽ സർക്കാരും കൃഷി വകുപ്പും കാലാകാലങ്ങളായി നൽകി വരുന്ന മാർഗനിർദേശങ്ങളും ഉത്തരവുകളും ക്രോഡീകരിച്ച് ഒരു മാന്വൽ തയ്യാറാക്കി സർക്കാർ അംഗീകാരത്തോടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

9. **<u>ബിസ്സിനസ്സ് പ്ലാൻ</u>**

കാർഷിക സേവന കേന്ദ്രങ്ങളും കാർഷിക കർമ്മസേനകളും ശാക്തീകരിച്ച് സ്വാശ്രയമാക്കുന്നതിന് ബിസിനസ്സ് പ്ലാൻ തയ്യാറാക്കി നൽകുന്നതിന് മിഷൻ നിർദ്ദേശം നൽകുകയും, ജില്ലകൾതോറും യോഗം ചേർന്ന് വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. 2019-2020 കാലഘട്ടത്തിൽ 98 കാർഷിക സേവന കേന്ദ്രങ്ങളിലായി ലഭിച്ച ബിസിനസ്സ് പ്ലാൻ പ്രകാരം ഇവർ പ്രതീക്ഷിക്കുന്ന മൊത്ത വരുമാനം 9526 ലക്ഷം രൂപയും അറ്റാദായം 2229 ലക്ഷം രൂപയുമായിരുന്നു. 2019-2020-ൽ 302 കാർഷിക കർമ്മസേനകൾ അവരവരുടെ

ബിസിനസ്സ് പ്ലാൻ തയാറാക്കി. ഇതുപ്രകാരം 302 കാർഷിക കർമ്മ സേനകൾ 24436 ലക്ഷം രൂപ മൊത്തവരുമാനവും, 7152 ലക്ഷം രൂപ അറ്റാദായവും പ്രതീക്ഷിച്ചിരുന്നു. 'ബിസിനസ്സ് പ്ലാൻ' നിർബന്ധമാക്കി നടപ്പിലാക്കുന്നതിന് കാലാകാലങ്ങളിൽ നിർദേശങ്ങൾ നൽകി നിരീക്ഷിച്ചു വരുന്നു. കാർഷിക കർമ്മസേനകളും കാർഷിക സേവന കേന്ദ്രങ്ങളും 'സ്വാശ്രയം' ആകണമെന്ന ഉദ്ദേശത്തോടെ അവലോകനങ്ങൾ നടത്തി വരുന്നു.

10. **കാർഷിക സേവന കേന്ദ്രങ്ങൾ, കാർഷിക കർമ്മ സേനകളുടെ പ്രവർത്തനം ശാക്തീകരിക്കൽ അവലോകനയോഗങ്ങൾ**

കാർഷിക സേവന കേന്ദ്രത്തിന്റെയും കാർഷിക കർമ്മസേനയുടെയും കൃഷി ഓഫീസർമാർ, അസിസ്റ്റന്റ് ഡയറക്ടർമാർ, ഭാരവാഹികൾ എന്നിവരെ ഉൾപ്പെടുത്തി ആത്മ പ്രൊജക്റ്റ് ഡയറക്ടർമാരുടെ നേതൃത്വത്തിൽ ഓരോ ജില്ലയുടേയും യോഗം ചേരുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്തു. 2022-23 വർഷത്തിൽ ജില്ലാതലത്തിൽ മിഷൻ നേരിട്ട് യോഗങ്ങൾ സംഘടിപ്പിച്ചു.

11. **കസ്റ്റം ഹയറിംഗ് സെന്റർ സർവെ**

മിഷന്റെ കൃഷി എഞ്ചിനീയർമാർ എല്ലാ ജില്ലയിലേയും കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാരുടെ ഓഫീസിനു കീഴിലുള്ള **'കസ്റ്റം ഹയറിങ് സെന്ററുകളിൽ'** സർവെ നടത്തി, കാർഷിക യന്ത്രങ്ങളുടെ നിജസ്ഥിതി റിപ്പോർട്ട് സമർപ്പിച്ചു. കൂടാതെ കേടുപാടുള്ള കാർഷിക യന്ത്രങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു.

12. **മലബാർ കൃഷി സ്പെഷ്യൽ ടാസ്ക് ടീം (MASTT) - RKI**

'കേരള പുനർ നിർമ്മാണ പദ്ധതി'യിൽ (RKI) ഉൾപ്പെടുത്തികൊണ്ട് **"മലബാർ കാർഷിക മേഖലയിലെ കർഷകർക്ക് ദൈനംദിന കാർഷിക പ്രവർത്തന സേവനം ഉറപ്പ് വരുത്തുന്നതിന് കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക കർമ്മ സേനകളുടെയും ശാക്തീകരണത്തിനുള്ള സഹായം - 'മലബാർ പ്രത്യേക കാർഷിക ദൗത്യ സംഘം (MASTT)'** എന്ന പദ്ധതി നിർവഹണം നടത്തുന്നതിന് കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. നിർദേശിച്ച കാലയളവിൽത്തന്നെ 2020-21 വർഷത്തിൽ 500 ലക്ഷം രൂപ വരുന്ന ഈ പദ്ധതി മിഷൻ നടപ്പാക്കിയിട്ടുണ്ട്. പദ്ധതി ലക്ഷ്യമിട്ട തരിശായി കിടക്കുന്ന മലബാർ മേഖലയിലെ തണ്ണീർത്തട നെൽ വയലുകൾ കൃഷിചെയ്യുന്നതിന് ഉതകുന്ന നൂതന കാർഷിക യന്ത്രങ്ങൾ സമാഹരിച്ചു. യന്ത്രങ്ങൾ സൂക്ഷിക്കാനും അറ്റകുറ്റപ്പണി നടത്തി വിന്യസിക്കാനും കാർഷിക യന്ത്ര പരിശീലനം നൽകുന്നതിനും ഉതകുന്ന കാർഷിക യന്ത്ര സംരക്ഷണ കേന്ദ്രം (4500 sqft) കൂത്താളിയിലെ ജില്ലാ കൃഷിത്തോട്ടത്തിൽ സ്ഥാപിച്ചു.

13. **നടീൽ യന്ത്രം പ്രവർത്തനക്ഷമമാക്കൽ**

മിഷൻ നടത്തിയ സർവെ പ്രകാരം സംസ്ഥാനത്ത് ഒട്ടാകെ കാർഷിക സേവന കേന്ദ്രങ്ങളുടെയും കാർഷിക കർമ്മ സേനകളുടെയും കൈവശം 130 നടീൽ യന്ത്രങ്ങൾ ഉണ്ടെന്നും, ഇതിൽ 61 എണ്ണം ഇരുന്നോടിക്കാവുന്നവയും, 69 എണ്ണം പുറകിൽ നടന്നു പ്രവർത്തിപ്പിക്കാവുന്നവയുമാണെന്നും കണ്ടെത്തിയിട്ടുണ്ട്. കൂടാതെ കസ്റ്റം ഹയറിങ് സെന്ററുകളിൽ 9 വലിയ ഓട്ടോമാറ്റിക് നടീൽ യന്ത്രങ്ങളും ഉണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മിഷൻ Custom Hiring Centre (CHC) കേടായിക്കിടന്നിരുന്ന 7 ഓട്ടോമാറ്റിക് നടീൽയന്ത്രങ്ങളും കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തിയിൽ കൊണ്ടുവന്ന് 'നാട്ടിനിറവ് - 2020' എന്ന ക്യാമ്പ് സംഘടിപ്പിച്ച്, അറ്റകുറ്റപണികൾ നടത്തി പ്രവർത്തനക്ഷമമാക്കി പാടശേഖരങ്ങൾക്ക് നടീലിനായി വിട്ടുകൊടുത്തു.

## 14. കാർഷിക യന്ത്ര സംരക്ഷണ കേന്ദ്രം, കൂത്താളി

RKI പദ്ധതി പ്രകാരം സ്ഥാപിതമായ കാർഷിക യന്ത്രസംരക്ഷണ കേന്ദ്രം കൂത്താളിയിലെ ആധുനിക യന്ത്രസൗകര്യങ്ങളും പ്രത്യേക മാനവ വിഭവ ശേഷിയും ഉപയോഗിച്ച് കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ 'കതിരണി' പദ്ധതി തണ്ണീർത്തട തരിശു നെൽവയലുകൾ കൃഷിയോഗ്യമാക്കുന്നതിനുള്ള പ്രവർത്തനം മിഷൻ നടത്തി വരുന്നു.

## 15. കാർഷിക യന്ത്രം സർവം ചലിതം കേരളം

സംസ്ഥാനത്തുടനീളം നടത്തിയ കാർഷിക യന്ത്ര രജിസ്ട്രേഷൻ യജ്ഞം പ്രകാരം കണ്ടെത്തിയ യന്ത്രങ്ങളിൽ അറ്റകുറ്റപ്പണി നടത്തി പ്രവർത്തന സജ്ജമാക്കുന്നതിന് ഈ പദ്ധതി അടുത്തവർഷം ലക്ഷ്യം ഇടുകയാണ്. ഇതിന്റെ മുന്നൊരുക്കം എന്ന നിലയിൽ എല്ലാ ജില്ലയിലും തിരഞ്ഞെടുത്ത 20 ITI/ITC സർട്ടിഫിക്കറ്റ് ധാരികൾക്ക് 20 ദിവസം നീണ്ടുനിൽക്കുന്ന കാർഷിക യന്ത്രങ്ങളുടെ പ്രവർത്തനവും, അറ്റകുറ്റപ്പണിയും എന്ന പേരിൽ പ്രവർത്തിപരിചയം, പരിശീലനം എന്നിവ നൽകിവരുന്നു. 2023 മാർച്ച് 31 –ാം തീയതിക്കകം ഈ പരിശീലനം പൂർത്തീകരിക്കുന്നതാണ്. ഇത്തരത്തിൽ ഓരോ ജില്ലയിലും പരിശീലനം നൽകി തയ്യാറാക്കിയ 20 പേരെ ഉപയോഗപ്പെടുത്തി, ഓരോ ജില്ലയിലും ആയിരം പേർക്ക് കാർഷിക യന്ത്രങ്ങൾ ഉപയോഗിച്ചുള്ള കൃഷി രീതിയിൽ പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ ഈ പരിശീലനം നടത്തുമ്പോൾ ബ്ലോക്ക് അടിസ്ഥാനത്തിൽ 20 ദിവസം നീണ്ടുനിൽക്കുന്ന കാർഷിക യന്ത്ര അറ്റകുറ്റപ്പണി ക്യാമ്പ് സംഘടിപ്പിച്ച് ബ്ലോക്കിലെ മുഴുവൻ കാർഷിക യന്ത്രങ്ങളും അറ്റകുറ്റപ്പണി നടത്തി സജ്ജമാക്കുന്നതിന് 'കാർഷിക യന്ത്രം സർവ്വം ചലിതം കേരളം' എന്ന പദ്ധതി നടപ്പിലാക്കാനും ലക്ഷ്യമിടുന്നു.

## 16. മറ്റിതര മികച്ച പ്രവർത്തനങ്ങൾ

- കേരള സംസ്ഥന സർക്കാരിന്റെ സ്വപ്ന പദ്ധതിയിൽ 2020–2021 വർഷം ഒരു കോടി 'ഫല വൃക്ഷതൈ ഉല്പാദന വിതരണ' പദ്ധതിയിൽ കാർഷിക സേവന കേന്ദ്രങ്ങളും കാർഷിക കർമ്മ സേനകളും വഴി 12 ലക്ഷം തൈകൾ ഉത്പാദിപ്പിച്ചു കൊടുത്ത പ്രവർത്തനത്തിന് മിഷൻ നേതൃത്വം നൽകി. 2021–2022 വർഷം 15 ലക്ഷം തൈകളാണ് ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നത്.

- കുട്ടനാട്ടിലെ R ബ്ലോക്ക് കൃഷിയോഗ്യമാക്കുന്നതിന്റെ മുന്നോടിയായി ബ്ലോക്കിന്റെ പുറംബണ്ട് സഞ്ചാരയോഗ്യമാക്കുന്ന പ്രവർത്തനം ഏറ്റെടുത്തു നടത്തണമെന്ന് മിഷനോട് സർക്കാർ നിർദ്ദേശിക്കുകയുണ്ടായി. ഇതനുസരിച്ച് R ബ്ലോക്കിൽ 20 ദിവസം നീണ്ടുനിന്ന 'ചെറുകിട കാർഷിക യന്ത്രങ്ങളുടെ പ്രവർത്തനം, സംരക്ഷണം, അറ്റകുറ്റപ്പണിയിൽ' ഒരു പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. കുമരകം കാർഷിക കർമസേനയിലെ 25 സേവനദായകരെ പങ്കെടുപ്പിച്ച് 20 ദിവസം നീണ്ടുനിന്ന (10 to 31st March 2021) പ്രവർത്തിപരിചയ പരിശീലന ക്യാമ്പിൽ പരിശീലനത്തോടൊപ്പം പുറംബണ്ട് കാടുവെട്ടിത്തെളിച്ച് സഞ്ചാര യോഗ്യമാക്കി.

- കാവാലം പഞ്ചായത്തിലെ ചിങ്ങങ്കരി, കോതങ്കരി, മണ്ഡപം കണ്ണങ്കരി, രാജരാമപുരം, ഈ–ബ്ലോക്ക് 2400, കായൽ ആനക്കടി, ഐ ബ്ലോക്ക്, എച്ച് ബ്ലോക്ക് കായൽ, കെ.എൻ. ബ്ലോക്ക് കായൽ, 6000 കായൽ എന്നിവയുടെ പുറം കനാലിലൂടെ നെല്ല് കൊണ്ടുപോകുന്നതിനും, കെട്ടുവള്ളങ്ങളുടെ യാത്ര സുഗമമാക്കുന്നതിന് കനാലിൽ ഗതാഗതം തടസപ്പെടുത്തുന്ന കുമിഞ്ഞുകൂടിയ ജല സസ്യങ്ങളെ മാറ്റുന്ന അടിയന്തര പ്രവർത്തനം 2019 മാർച്ച് – ഏപ്രിൽ കാലയളവിൽ മിഷൻ യുദ്ധകാലാടിസ്ഥാനത്തിൽ ഏറ്റെടുത്തു നടത്തി.

- കൃഷി വകുപ്പിലെ 58 മെക്കാനിക്കുകൾക്ക് കാർഷിക യന്ത്ര അറ്റകുറ്റപണിയിൽ 7–12

ദിവസം നീണ്ടു നിൽക്കുന്ന പ്രാവർത്തിക പരിശീലനം 2018-19 വർഷം നൽകുകയുണ്ടായി.

- കോട്ടയം (കോഴ), ആലപ്പുഴ, പത്തനംതിട്ട, കോഴിക്കോട് എന്നീ കസ്റ്റം ഹയറിങ് സന്ദർശിച്ച് ശക്തിപ്പെടുത്താനുള്ള റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചു.

- തരിശു വയൽ കൃഷിക്ക് കൊയിലാണ്ടി മുൻസിപ്പാലിറ്റി, അരീക്കുളം പഞ്ചായത്ത്, കീഴരിയൂർ പഞ്ചായത്ത് എന്നിവിടങ്ങളിൽ ഓപ്പറേഷൻ വെളിയന്നൂർ ചെല്ലി" എന്ന പദ്ധതിയുടെ മാർഗ്ഗ നിർദേശിയായി പ്രവർത്തിച്ചു നേതൃത്വം നൽകി.

- പേരാമ്പ്ര മണ്ഡലത്തിൽ മിഷന്റെ നേതൃത്വത്തിൽ നൊച്ചാട് ഗ്രാമ പഞ്ചായത്തിൽ നടത്തിയ 'കതിരണിയും നൊച്ചാട്' 'കളം നിറയും നൊച്ചാട്' എന്ന പദ്ധതികളുടെ സാങ്കേതിക ഉപദേശ സഹായം നൽകി.

- കോൾ നിലങ്ങളിലെ പ്രളയത്തിൽ മുങ്ങിപ്പോയ 25 വൈദ്യുത മോട്ടോർ പമ്പുസെറ്റുകൾ അറ്റകുറ്റപണി തീർത്ത് പ്രവർത്തന യോഗ്യമാക്കി കോൾ പടവുകളിൽ സ്ഥാപിച്ചു.

- ഓഗസ്റ്റ് 2019 പ്രളയ കാലത്ത് തൃശ്ശൂർ ജില്ലയിലെ പുല്ലഴി കനാലിലെ തടസ്സം മാറ്റി ജല പ്രവാഹം സുഗമമാക്കി. അയ്യന്തോൾ ഭാഗത്ത് വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് വേണ്ടുന്ന കാർഷിക യന്ത്ര സഹായം നൽകി.

- കാർഷിക കർമ്മ സേന, കാർഷിക സേവന കേന്ദ്രം എന്നിവയുടെ ഡയറക്ടറി തയ്യാറാക്കി UPDATE ചെയ്തു വരുന്നു.

- കാർഷിക യന്ത്രവൽക്കരണ മിഷൻ അതിന്റെ ഓരോ പ്രവർത്തനത്തെയും പറ്റി റിപ്പോർട്ട് യഥാസമയം തന്നെ തയ്യാറാക്കി സൂക്ഷിച്ചു വരുന്നു. ഡിജിറ്റൽ ഡോക്കുമെന്റേഷനും ആവശ്യാനുസരണം വീഡിയോ റിപ്പോർട്ടും ഡോക്കുമെന്ററികളും തയ്യാറാക്കുന്നു. കൂടാതെ കർമ്മസേന, സേവനകേന്ദ്രങ്ങൾ, കാർഷിക മെക്കാനിക്കൽ എൻജിനീയർ, വിദഗ്ദർ എന്നിവർക്ക് യന്ത്രവൽക്കരണത്തിൽ സഹായമാകുന്ന പല കൈപുസ്തകങ്ങളും മിഷൻ തയ്യാറാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ